Beuttler, Mora märgam.

Ci
XIV
53 a

N12<515410154 021
LS
ubTÜBINGEN

Moxa mārgam
(malayalam)

# മോക്ഷമാൎഗ്ഗം.

K. UNIV. BIBL. TÜBINGEN

BY

Rev. J. G. BEUTTLER.

2nd Edition. 3000 Copies.

COTTAYAM: C. M PRESS. 1859.

Ci XIV. 54.53 a

# തലവാചകം.

ഹേ സഹോദരന്മാരേ, ൟ പുസ്തകത്തിൽ അറിയിക്കുന്ന കാൎയ്യങ്ങളെ തൎക്കിക്കുന്നതിനായിട്ടും, നിങ്ങളെ ദൂഷിക്കുന്നതിനായിട്ടും പറയുന്നത എന്ന ഒരുനാളും വിചാരിക്കരുതെ. നിങ്ങൾ വ്യാജത്തെ വ്യാജമെന്ന കണ്ട തള്ളിക്കളകയും സത്യത്തെ സത്യമെന്ന അറിഞ്ഞ ചേൎന്ന കൊള്ളുകയും ചെയ്യണമെന്ന അല്ലാതെ, നമുക്ക തൎക്കിക്കുന്നതിന്നും നിന്ദിക്കുന്നതിന്നും മനസ്സില്ല. ആകയാൽ നാം അറിയിക്കുന്ന കാൎയ്യങ്ങളെ മനോദുഃഖത്തോടല്ല സ്നേഹത്തോടെ കേൾക്കെണമെന്നും സത്യമുള്ള വെളിച്ചം നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിച്ച പ്രകാശിക്കെണമെന്നും അത്രെ നാം ആഗ്രഹിക്കുന്നത അതിന ദൈവം കൃപ ചെയ്യുമാറാകട്ടെ.

82

## ഒന്നാം അദ്ധ്യായം.

## ബ്രഹ്മാ വിഷ്ണു ശിവന്മാരെ കുറിച്ച

സത്യ ദൈവം ഏകനാകുന്നു. അവൻ അല്ലാതെ വേറെ ദൈവങ്ങൾ ഇല്ല. ആ സത്യ ദൈവത്തെ അറിയുന്നത പ്രധാന ആവശ്യം തന്നെ. അവന്റെ കൃപയെ ലഭിക്കുന്നത സ്വർഗ്ഗഭാഗ്യമല്ലൊ. ഒരു ദൈവം മാത്രം ഉണ്ടെന്നുള്ള സത്യത്തെ നിങ്ങൾ തള്ളിക്കളഞ്ഞ അനേക ദൈവങ്ങൾ ഉണ്ടെന്നുള്ള അബദ്ധത്തെ വിശ്വസിച്ച അവയെ തൊഴത സേവിച്ച വരുന്നത പ്രസിദ്ധമല്ലൊ. എന്നാൽ ദൈവം ഏകനത്രെ എന്ന വിചാരിയാതെ അനേക ദൈവങ്ങൾ ഉണ്ടെന്ന പറയുന്നത വ്യാജമല്ലയൊ? സാക്ഷാൽ ദൈവത്തെ തള്ളി, ഇല്ലാത്ത ദൈവങ്ങളെ വന്ദിക്കുന്നത മഹാ പാപം അല്ലയൊ? ദൈവങ്ങളല്ലാത്തവരിൽ വിശ്വസിക്കുന്നത അളവില്ലാത്ത അജ്ഞാനം തന്നെ. നിങ്ങൾ ഇതിനെ താല്പൎയ്യമായി വിചാരിക്കേണ്ടതിന ദൈവം മനസ്സ വരുത്തി തരുമാറാകട്ടെ.

പക്ഷെ സത്യ ദൈവം ഒരുവൻ മാത്രമെ ഉള്ളു ആ ദൈവം ഞങ്ങൾ വന്ദിക്കുന്ന ബ്രഹ്മാവ തന്നെ എന്ന നിങ്ങൾ പറയുമായിരിക്കും. സാഹസം വേണ്ടാ. നിങ്ങളുടെ പുരാണങ്ങളിൽ ബ്രഹ്മാവിനെകുറിച്ചു പറഞ്ഞിരിക്കുന്ന ചിലത എടുത്ത കാണിച്ചശേ

ഷ്ടം, നിങ്ങൾ തന്നെ വിധിക്കേണം.

ബ്രഹ്മാവ സൌന്ദൎയ്യ പദാൎത്ഥങ്ങളിൽനിന്ന തില മാത്രം എടുത്ത ഒരു പെണ്ണിനെ സൃഷ്ടിച്ചതിനാൽ ആ പെണ്ണിന്ന തിലോത്തമ എന്ന പേര വന്നു എന്നും, തന്റെ അപ്പന്റെ കൊള്ളരുതാത്ത ആഗ്രഹത്തെ അവൾ സമ്മതിക്കാതെ നാലു ദിക്കിലും ഓടി ഒളിച്ചപ്പൊൾ, ബ്രഹ്മാവ അവളെ കണ്ടെത്തുവാനായി നാല മുഖങ്ങളെ ധരിച്ചു എന്നും, അവളെ കണ്ട ഉടനെ അവന്റെ കയ്യിൽ അകപ്പെടാതെ ഇരിപ്പാൻ അവൾ പെണ്മാനായി ഓടിയപ്പോൾ അവൻ ആണ്മാനായി പിന്തുടന്നു എന്നും, അതിന്റെ ശേഷം അവൾ പെണ്കിളിയായിട്ട പറന്നപ്പോൾ അവൻ ആണ്കിളിയായിട്ട പറന്ന ചെന്നു എന്നും, പിന്നെയും അവൾ പ്രയാസപ്പെടുമ്പോൾ അരുണാചലത്തെ കണ്ട ഇപ്പോൾ ഉദിക്കേണമെന്ന പറഞ്ഞ അതിൽ പ്രവേശിച്ച തെറി പോകയും ചെയ്തു എന്ന സ്കാന്ദം തുടങ്ങിയുള്ള പുരാണങ്ങളിൽ പറയുന്നു.

പിന്നെ വിഷ്ണു ബ്രഹ്മാവിനോട നീ ശിവന്റെ ശിരസ്സ കണ്ടിട്ട ഇങ്ങ വരേണമെന്ന പറഞ്ഞാറെ, ബ്രഹ്മാവ ശിവന്റെ തലയെ അന്വേഷിച്ച പോയി ഏറിയ വഴി തേടീട്ടും അത കാണായ്കയാൽ, മടങ്ങി വരുമ്പൊൾ കണ്ടില്ല എന്ന പറയുന്നത, കുറവ എന്ന വച്ച, ഒരു അസത്യം പറവാൻ നിശ്ചയിച്ചു. ഉടനെ വിഷ്ണുവിന്റെ അടുക്കൽ വന്ന ശിവന്റെ ശിരസ്സ കണ്ടു എന്ന പറഞ്ഞതിന സാക്ഷിയായി കൈതപ്പൂവും തുളസിയും പറഞ്ഞു എന്ന പുരാണങ്ങളിൽ വായിച്ച കാണാം. ഈ പറഞ്ഞതിൽനിന്ന രണ്ട കാൎയ്യങ്ങളെ അറിഞ്ഞ കൊള്ളേണം.

൧ാമത. ബ്രഹ്മാവ താൻ സൃഷ്ടിച്ച മകളെ മോഹിച്ച, തന്റെ കൊള്ളരുതാത്ത ആഗ്രഹത്തിന്ന

അവൾ സമ്മതിക്കാതെ ഓട്ടുമ്പോൾ അവളെ ബലാല്ക്കാരം ചെയ്യേണമെന്ന വച്ച പിടിച്ചുകൊള്ളുന്നതിന്ന വളരെ പ്രയാസപ്പെട്ടു.

൨ാമത. ശിവന്റെ ശിരസ്സിനെ വളരെ പ്രയാസത്തോടെ അന്വെഷിച്ചിട്ടും, അതിനെ കാണാതെ ഇരുന്നപ്പോൾ താൻ അതിനെ കണ്ടു എന്ന കള്ളം പറഞ്ഞത മാത്രമല്ല പുഷ്പങ്ങളെ കൊണ്ടും തനിക്കവെണ്ടി കള്ള സാക്ഷി പറയിച്ചു. ബ്രഹ്മാവ ചെയ്തു ൨രം അക്രമങ്ങളെ കുറിച്ച എന്ത പറയേണ്ടു? തന്റെ സ്വന്ത മകളിൽ മോഹിച്ചില്ലയൊ? അങ്ങിനെയുള്ള അക്രമക്കാരൻ വേറെ ഒരുത്തനെങ്കിലും ഉണ്ടൊ? ദുഷ്ട മനുഷ്യരുടെ ഇടയിലും ഒരുത്തൻ തന്റെ മകളോട വ്യഭിചാരം ചെയ്യുന്നതിന തുനിയുമൊ? പറവാൻ പോലും ലജ്ജ തോന്നുന്ന ൨രം പാപത്തെ ചെയ്ത ബ്രഹ്മാവിനെ ദൈവമായിട്ട വന്ദിക്കുന്നത പാപമല്ലയൊ? ഇപ്രകാരമുള്ളവനെ സൃഷ്ടികത്താവെന്ന പറയുന്നത വളരെ അബദ്ധമല്ലയൊ?

ഇത കൂടാതെയും ബ്രഹ്മാവ കള്ളം പറഞ്ഞില്ലയൊ? ഒരുത്തൻ നിങ്ങളോട കള്ളം പറഞ്ഞാൽ അവനെ വിശ്വസിക്കുമൊ? അങ്ങിനെ ഇരിക്കുമ്പോൾ കള്ളം പറഞ്ഞിട്ടുള്ള ബ്രഹ്മാവിനെ വിശ്വസിക്കുന്നത എങ്ങിനെ? ദൈവം കള്ളം പറയുമൊ? ഒരു നാളും ഇല്ലല്ലൊ.

ബ്രഹ്മാവിന്റെ കാൎയ്യം ഇപ്രകാരം ആയിരിക്കകൊണ്ട അവൻ ദൈവമല്ല എന്നുള്ളത സ്പഷ്ടം തന്നെ. ബ്രഹ്മാവിനെ ദൈവമല്ല എന്ന തള്ളിക്കളഞ്ഞാലും ഞങ്ങൾ വന്ദിക്കുന്ന വിഷ്ണു സത്യദൈവമാകുന്നു എന്ന നിങ്ങൾ പറയുമായിരിക്കും. ആകട്ടെ നിങ്ങൾ ധൃതിപ്പെടാതെ ഇരിപ്പിൻ. അവനെ കുറിച്ചും ഏതാനും പറയാം.

## വിഷ്ണുമഹിമ.

വിഷ്ണു ഭൂലോകത്തിൽ കൃഷ്ണനായി അവതരിച്ചു എന്നും, ആ കൃഷ്ണാവതാരം എല്ലാ അവതാരങ്ങളിലും ശ്രേഷ്ഠമെന്നും നിങ്ങൾ പറയുന്നുവല്ലൊ. അവന്റെ അത്ഭുതകഥകളെ കുറിച്ചു പുരാണങ്ങളിൽ പറഞ്ഞിരിക്കുന്ന ചിലത ഇവിടെ എടുത്തു പറയാം. കൃഷ്ണൻ വളരെ ഗോപസ്ത്രീകളെ പുണൎന്നു ക്രീഡയാവസിച്ചു എന്നും, അവൻ ഒരു ദിവസം വളരെ ഗോപസ്ത്രീകളോട കൂടെ ഒരുമിച്ചു പൂങ്കാവുകളിൽ കളിക്കുമ്പോൾ രാധികാ എന്നവൾ എന്റെ കാലിന്മേൽ കല്ലും മുള്ളും കൊള്ളുകയാൽ എന്നെ ചുമലിൽ എടുത്തു നടക്കെണമെന്നു പറഞ്ഞാറെ അവളോട അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു പറഞ്ഞു അന്യോന്യം വിനോദിച്ചു എന്നും പറഞ്ഞിരിക്കുന്നത നേരല്ലയൊ? ഇപ്രകാരം കാമം മുഴുത്തു തന്നെത്താൻ മറന്നു നടക്കുന്ന കാമുകന്മാരുടെ തൊഴിലിൽ പ്രവേശിച്ചു കൃഷ്ണനെ ദൈവമെന്നു വിശ്വസിക്കാവതൊ? ഇനിയും കൃഷ്ണൻ നിത്യബ്രഹ്മചൎയ്യ വ്രതം ഉള്ളവനെന്നും പതിനാറായിരത്തെട്ടു സ്ത്രീകളോട ഇടവിടാതെ ക്രീഡിക്കുന്ന സരസൻ എന്നും, ഭാഗവതം മുതലായ മുഖ്യപുരാണങ്ങളിൽ പറയുന്നതിനാൽ തന്നെ ആ പുരാണങ്ങൾ കൂടെ നേരല്ലെന്നു തോന്നുവാൻ ലക്ഷണങ്ങൾ ഉണ്ടായിരിക്കുമ്പോൾ അവററിൽ പറയുന്ന കപട കൃഷ്ണനെ ദൈവമായി വിശ്വസിപ്പാൻ തോന്നുമൊ? കൃഷ്ണൻ ഒരിക്കൽ ഗോപസ്ത്രീകൾ വസ്ത്രങ്ങൾ കരെക്ക അഴിച്ചു വച്ചു പൊയ്കയിൽ ഇറങ്ങി മുങ്ങി കുളി കളിക്കുമ്പോൾ അവരുടെ വിഴുപ്പു വസ്ത്രങ്ങളെ മോഷ്ടിച്ചു കൊണ്ടുപോയി പേരാലിന്റെ മുകളിൽ കൊണ്ടു വച്ചു ഒളിച്ചിരിക്കയും പിന്നത്തേ

തിൽ വസ്ത്രങ്ങൾ അന്വേഷിച്ച നടക്കുന്ന സ്ത്രീകളോട കൈ രണ്ടും കൂട്ടി കാട്ടിയാൽ വസ്ത്രങ്ങൾ തരാമെന്ന പറഞ്ഞ ഹാസിക്കയും മററും ചെയ്തു എന്ന പറയുന്നത ശരിയൊ? അത ദൈവചൈതന്യമൊ? അനന്തരം കൃഷ്ണൻ കംസൻ എന്ന രാജാവിന വസ്ത്രങ്ങൾ അലക്കി കൊണ്ടുപോകുന്ന രജകന്റെ മാറാപ്പ വഴിമദ്ധ്യത്തിൽ വച്ച പിടിച്ചു പറിച്ച അവനെ ചവട്ടി കൊന്ന അവന്റെ വസ്ത്രങ്ങൾ അപഹരിച്ച ഉടുത്തു നടന്നു എന്ന പറയുന്നതും ഭാഗവതത്തിലില്ലയൊ? ഇപ്രകാരം പിടിച്ചുപറിച്ച കൊല്ലുന്ന ലക്ഷണം ദൈവത്തിന കാണുമൊ? ഈശ്വരന കാമക്രോധാദികൾ ഉണ്ടാകുമൊ?

ഇനിയും കൃഷ്ണൻ ഗോപികാമാരുടെ വീട്ടുകളിൽ ചെന്ന വെണ്ണ പാൽ മുതലായത കട്ടുഭുജിക്കയും ആ വകയെ സൂക്ഷിച്ച വെക്കുന്ന പാത്രങ്ങൾ ഉടച്ചുകളഞ്ഞ അവരെ ബുദ്ധിമുട്ടിക്കുകയും മററും ചെയ്തു എന്ന പറയുന്നത കൃപ എന്ന തോന്നുമൊ? ജ്യേഷ്ഠപുത്രന്മാരായ ധാൎത്തരാഷ്ട്രന്മാരും അനുജ പുത്രന്മാരായ പാണ്ഡവന്മാരും കൂടി രാജ്യലോഭം നിമിത്തമായി കലഹിച്ച വരുമ്പോൾ അനുജപുത്രന്മാരുടെ ഭാഗത്തനിന്ന കലഹിപ്പിച്ച ഇരുഭാഗത്തുമുള്ള രാജൈശ്വൎയ്യങ്ങളെയും നശിപ്പിച്ച ദ്രോണാദികളായ ഗുരുഭൂതന്മാരെയും ഭീഷ്മാദികളായ വിദ്വാന്മാരെയും കൊല്ലിച്ച ഭയങ്കരമായിട്ടുള്ള കലഹം ഉണ്ടാക്കി തീൎത്തും മേൽപറഞ്ഞ കൃഷ്ണൻ താനാകുന്നു എന്ന മഹാ ഭാരതത്തിൽ പറയുന്നത സത്യമൊ?

ദൈവത്തിന മിത്ര ഭേദവും കലഹകൌതുകവു ഉണ്ടാകുമൊ? അയ്യയ്യൊ! ഇപ്രകാരമുള്ള മഹാപാപങ്ങളെ ചെയ്യുവനെ ദൈവമെന്ന പറയുന്നതിന

നിങ്ങൾക്ക ഭയമില്ലയൊ? നിങ്ങളുടെ ദേശത്ത ഒരുത്തൻ വന്ന നിങ്ങളുടെ സ്ത്രീകളെയും പെൺമക്കളെയും അഴിമതി കാണിച്ചാൽ അവനെ മഹാ ദുഷ്ട്ടനെന്നമുള്ളവനെന്ന പറകയില്ലയൊ? നിങ്ങളുടെ വീടുകളിൽ ദിവസവും ഒരുത്തൻ കടന്ന വീട്ട പദാൎത്ഥങ്ങളെ കട്ടു കൊണ്ടുപോയാൽ അവനെ കള്ളനെന്ന പറഞ്ഞ തുറങ്കിൽ വെപ്പിക്കയില്ലയൊ? ഇടയരുടെ വീടുകളിൽ ചെന്ന, വെണ്ണ തയിർ മോര മുതലായതിനെ മോഷ്ടിച്ചിട്ടുള്ള കൃഷ്ണനെ ദൈവമെന്ന പറയാമൊ?

വിഷ്ണുവിന്റെ കാൎയ്യം ഇപ്രകാരം ആയാൽ അവൻ ദൈവമല്ല എന്നുള്ളത നിശ്ചയം തന്നെ. ബ്രഹ്മാവും വിഷ്ണുവും ദൈവന്മാരല്ല എന്ന തള്ളികളഞ്ഞാലും ഞങ്ങൾ വന്ദിക്കുന്ന ശിവൻ സത്യ ദൈവമല്ലയൊ എന്ന നിങ്ങൾ പറയും. ആകയാൽ അതിനെയും നാം വിചാരിച്ചുനോക്കുക.

## ശിവന്റെ മഹിമ.

വിഷ്ണു അസുരകളെ വഞ്ചിപ്പാനായിട്ട ഒരു സ്ത്രീയുടെ വേഷം ധരിച്ചപ്പോൾ ശിവൻ അവളെ മോഹിച്ചു അവളോട കൂടെ ക്രീഡിച്ചു എന്നും പിന്നെയും അവൻ ശ്രീപാൎവ്വതിയോട നമുക്ക ചൂത പൊരുതുക എന്നും, അതിൽ നീ തോററുപോയാൽ, നിന്റെ ആഭരണങ്ങളെ ഇനിക്ക പണയം തരെണമെന്നും, ഞാൻ തോററുപോയാൽ, എന്റെ വസ്തുക്കളിൽ നിനക്ക ബോധിച്ചത എടുത്തുകൊൾക എന്നും വീരവാദം പറഞ്ഞ ചൂതുകളിക്കുമ്പോൾ, ബ്രഹ്മാവും വിഷ്ണുവും കാണ്കെ ശിവൻ തോററുപോകയും, അപ്പോൾ പാൎവ്വതിയെ നോക്കി നിന്റെ സാമൎത്ഥ്യം കൊള്ളാമെന്നും, നീ

എന്നെ ജയിക്കയില്ലാ എന്നും, തോററതു കണ്ടില്ലെ എന്നും, മുമ്പിനാൽ വീരവാദം പറഞ്ഞ മാല മുതലായ ആഭരണങ്ങളെ അഴിച്ചെടുത്തത തന്ത്ര എന്നും മററും പറഞ്ഞതിന്ന വിഷ്ണു സാക്ഷിയായിട്ട പറകയും ചെയ്തു എന്നും, പിന്നെയും ശിവൻ ഒരു ഓട എടുത്ത ഭിക്ഷാടനം ചെയ്യുമ്പോൾ താരകാവനത്തിൽ ചെന്ന അവിടെ തപസ്സ ചെയ്യുന്ന ഋഷിസ്ത്രീകൾക്ക പാതിവ്രത്യഭംഗം വരുത്തി എന്നും ശിവൻ ശ്രൂപ്പ്കൻ എന്ന അസുരന്ന തന്നെ പരീക്ഷിക്കുമെന്ന അറിയാതെ, ചൂണ്ടി മരിക്കുന്ന വരം കൊടുക്കയും തന്നെത്തന്നെ പരീക്ഷിപ്പാനായിട്ട വന്നപ്പോൾ താൻ ഓടി ഒളിക്കയും മററും ചെയ്തു എന്ന പറയുന്നില്ലയൊ? ശിവനും വിഷ്ണുവും കൂടി പുണൎന്ന ഒരു പുത്രനെ ഉണ്ടാക്കി ആ പുത്രന അല്ലയൊ ശാസ്താവ എന്ന പേർ പറയുന്നത. അവനെ ഒരു ദൈവമെന്ന പറയുന്നുണ്ടല്ലൊ. അതും നല്ല നേരാകുവാൻ ഇടയുണ്ടൊ? ശിവൻ ഒരു കൊമ്പനാനയും ശ്രീപാൎവ്വതി ഒരു പിടി ആനയും ആയിട്ട കളിക്കുന്ന കാലത്ത ഒരു ആനകുട്ടിയെ ആ ശ്രീപാൎവ്വതി പ്രസവിച്ചു എന്നും, ആ കുട്ടിയാനയെ ഗണപതി എന്ന പറഞ്ഞ സേവിക്കയും ചെയ്യുന്നില്ലയൊ? ശിവൻ ഒരു കാട്ടാളനും, ശ്രീ പാൎവ്വതി ഒരു കാട്ടാളസ്ത്രീയും ആയി കാട്ടിൽ കളിച്ചു നടക്കുമ്പോൾ, ഒരു പുത്രൻ ഉണ്ടാകയും ആ പുത്രൻ കാട്ടാളനും മനുഷ്യ ഭക്ഷകനും ദുരാചാരിയും ആയിരിക്കുമ്പോൾ അവനെ വേട്ടെക്കാരനായ ദൈവമെന്ന പറഞ്ഞ സേവിക്കുന്നില്ലയൊ? പിന്നെയും ശിവൻ മനുഷ്യരുടെ അസ്ഥികൊണ്ട ഉണ്ടാക്കിയ ആഭരണങ്ങളെയും സൎപ്പങ്ങൾ കൊണ്ടുള്ള ഭൂഷണങ്ങളെയും ധരിച്ചു ആനയുടെ തോൽ ഉടുക്കുന്നവൻ ആകുന്നു എന്ന പറയുന്നില്ലയൊ? ഒരു കാ

ട്ടാളുന മനുഷ്യരെ ചുട്ട ഭസ്മം നിത്യവും തേക്കുന്ന ത നിയമമായിരിക്കുമ്പോൾ ഒരു ദിവസം മൎത്ത്യഭസ്മം കിട്ടുവാൻ പ്രയാസമായി വന്നാറെ, അന്ന തന്റെ ഭാൎയ്യയെ ജീവനോടെ ചുട്ട ആ ഭസ്മം എടുത്ത മേൽ പൂശിയപ്പോൾ, ശിവൻ അവന പ്രത്യക്ഷനായി വേണ്ടുന്ന അനുഗ്രഹങ്ങളെയും മററും കൊടുത്തു എന്ന പറയുന്നില്ലയൊ? പിന്നെയും ഒരു സ്ത്രീ ഒരു കുരങ്ങിന്റെയും ഒരു ചേവൽകോഴിയുടെയും കാതിൽ ഒരു രുദ്രാക്ഷം കുരു കെട്ടിച്ച ഇട്ടതിനാൽ ആ കുരങ്ങിന്നും കോഴിക്കും നാശമില്ലാത്ത സ്വൎഗ്ഗവാസം കൊടുത്തു എന്ന പറയുന്നില്ലയൊ? ശിവന്റെ വൎത്തമാനം ഇപ്രകാരം ആകുന്നു എങ്കിൽ ആ ശിവനെ സേവിക്കുന്നത യോഗ്യമൊ?

സഹോദരന്മാരേ, നിങ്ങളുടെ ദേവന്മാരെ ഞങ്ങൾ ദൂഷിക്കുന്നു എന്ന തോന്നരുതെ. ബ്രഹ്മാവ, വിഷ്ണു, ശിവൻ എന്നുള്ളവരെ കുറിച്ച ഇവിടെ പറയുന്നത ഞങ്ങൾ ഉണ്ടാക്കിയത അല്ലല്ലൊ. ഒക്കെയും പുരാണങ്ങളിൽനിന്ന എടുത്തത അല്ലൊ. നിങ്ങൾക്ക ലജ്ജയും വെറുപ്പും തോന്നിയാൽ അവ ഞങ്ങളുടെ മേൽ അല്ല, നിങ്ങളുടെ പുരാണങ്ങളിൽ അത്രെ ചുമത്തേണ്ടത. നിങ്ങൾ അഭ്യസിച്ച വരുന്ന പുരാണശാസ്ത്രങ്ങളിൽ പറയുന്ന പ്രകാരം നടന്നാൽ സ്വൎഗ്ഗവാസം ലഭിക്കുമെന്ന വിചാരിക്കുന്നവൻ മൺകുതിരയെ വിശ്വസിച്ച, ആററിൽ ഇറങ്ങി കരയിൽ എത്തികൊള്ളാമെന്ന നിരൂപിക്കുന്നവനോട തുല്യൻ ആകുന്നു. അല്ലയൊ? ആയതകൊണ്ട നിങ്ങൾ വിശ്വസിച്ച വരുന്ന കള്ള ദേവന്മാരെയും വ്യാജശാസ്ത്രങ്ങളെയും ഉപേക്ഷിച്ച ഏകനായിരിക്കുന്ന സാക്ഷാൽ ദൈവത്തിലും താൻ തന്നെ വെളിപ്പെടുത്തിയിരിക്കുന്ന സത്യ

വേദത്തിലും വിശ്വസിച്ച നടക്കുന്നത മോക്ഷമാൎഗ്ഗം തന്നെ.

## രണ്ടാം അദ്ധ്യായം.

## വിഗ്രഹങ്ങളെ കുറിച്ച.

സഹോദരന്മാരെ, നിങ്ങൾ വിഗ്രഹങ്ങളെ വെച്ച വന്ദിക്കുന്നത വൃഥാ വേല ആകുന്നു. കല്ലിനെ വച്ച പൂജിച്ചാൽ അത ദൈവമാകുമൊ? നിങ്ങൾ എന്ത ചെയ്താലും അത എപ്പോഴും കല്ലായിട്ട തന്നെ ഇരിക്കുന്നത അല്ലാതെ, ദൈവമാകയില്ല. ബ്രാഹ്മണൻ പ്രാണപ്രതിഷ്ഠ എന്ന മന്ത്രം എത്ര ജപിച്ച കലശം ആടിയാലും അതിന പ്രാണൻ ഉണ്ടാകുമൊ? നിങ്ങൾ അതിന ഉണ്ടാക്കിയ വാ കൊണ്ട സംസാരിക്കുമൊ? അതിന്റെ ചെവി കേൾക്കുമൊ? കണ്ണ കൊണ്ട കാണാമൊ? അതിന്റെ മൂക്ക മണക്കുമൊ? അത തലയാട്ടുമൊ? അത കാൽ കൊണ്ട നടക്കുമൊ? അത ഏതെങ്കിലും അറിയുമൊ? എന്തെങ്കിലും ചെയ്യുമൊ? ഉത്സവ ദിവസങ്ങളിൽ അലങ്കരിച്ച ആനപ്പുറത്ത കേററി കൊണ്ട നടക്കുന്ന വിഗ്രഹം എന്തെങ്കിലും വിശേഷ വീൎയ്യം കാട്ടുമൊ? ആനപ്പുറത്ത കേററി എഴുന്നെള്ളിക്കുന്ന വിഗ്രഹം പിടിക്കാതെ കുറെ നേരമെങ്കിലും ഇരിക്കുമൊ? ആരുടെയും സഹായം കൂടാതെ തന്നെത്താൻ ആറാടുമൊ? സ്നേഹിതന്മാരേ നിങ്ങൾ കല്ലുകളെയും മരങ്ങളെയും മററും കുമ്പിടുന്നത പ്രയോജനം എന്ത? നിങ്ങൾ വന്ന സങ്കടം പറഞ്ഞ നമസ്കരിച്ചാൽ അവകൾ കണ്ട അറിയുമൊ? നിങ്ങൾ എത്ര സ്തുതിച്ചാലും സ്നേഹമുണ്ടാകുമൊ? അവകളെ പൂജിച്ചാൽ നിങ്ങൾക്ക നന്മ തരുവാൻ മ

തിയാകുമൊ? അവെക്ക സ്നേഹവും കോപവും ബുദ്ധി ശക്തികളും ഇല്ലല്ലൊ. ശ്വാസവും സംസാരവും ഇല്ലാത്ത വിഗ്രഹങ്ങൾക്ക നന്മതിന്മകളെ ചെയ്യാമൊ? ഇപ്രകാരം ആയാൽ വിഗ്രഹ വന്ദനം ഏറ്റവും വ്യൎത്ഥമെന്ന ഞങ്ങൾ പറഞ്ഞ അറിയിക്കെണമൊ? ദൈവം കല്ലിനെ തന്നിരിക്കുന്നത, മുളകും മറ്റും അരെപ്പാനും, അരി കുത്തുവാനും വീട മുതലായത പണിയിപ്പാനും മറ്റും മാത്രമല്ലാതെ, വന്ദിപ്പാനായിട്ട അല്ല. ആകയാൽ ഫലമില്ലാത്ത വിഗ്രഹാരാധനയെ ഉപേക്ഷിച്ച സന്തോഷവും അനുഗ്രഹങ്ങളും നല്കുന്ന ദൈവ ശുശ്രൂഷയിൽ പ്രവേശിച്ച, മരിക്കുമ്പോൾ അതിൽ സ്ഥിരമായി നില്ക്കേണ്ടതിന്ന ദൈവം തുണ ചെയ്യുമാറാകട്ടെ.

## മൂന്നാം അദ്ധ്യായം.

## പാപത്തെ കുറിച്ച.

ഭൂമിയിൽ ഒരെടത്തും പാപമില്ലാത്തവൻ ഒരുത്തനും ഇല്ല. വെളുത്ത മനുഷ്യൻ എങ്കിലും, കറുത്ത മനുഷ്യൻ എങ്കിലും, രാജാവ എങ്കിലും ഇരപ്പാളി എങ്കിലും മറ്റും ഭൂമിയിൽ ഉള്ള മനുഷ്യർ എല്ലാവരും പാപം ചെയ്യുന്നുണ്ട. പാപം എന്താകുന്നു എന്ന ചോദിച്ചാൽ അത ദൈവം കൊടുത്തിരിക്കുന്ന കല്പനകൾക്ക വിരോധമായി നടക്കുന്നത തന്നെ. വ്യാജ ദേവകളെ വണങ്ങരുതെന്ന ദൈവം പറഞ്ഞിരിക്കുമ്പോൾ വളരെ ജനങ്ങൾ ബ്രഹ്മാ വിഷ്ണു ശിവൻ സുബ്രഹ്മണ്യൻ ഗണപതി വീരഭദ്രൻ ഭദ്രകാളി മുതലായ കള്ള ദേവകളെ സേവിക്കുന്നത പാപം തന്നെ. വിഗ്രഹങ്ങളെകുമ്പിടരുതെന്ന

ദൈവം കല്പിച്ചിരിക്കുമ്പോൾ അധികം പേർ പല പല വിഗ്രഹങ്ങളെ വെച്ച വന്ദിക്കുന്നു, ആയതും പാപം തന്നെ. ദൈവ നാമം ഭക്തിയോടെ പറയുന്നതല്ലാതെ വൃഥാ എടുക്കരുതെന്ന ദൈവം കല്പിച്ചിരിക്കുമ്പോൾ എത്ര ജനങ്ങൾ ദൈവത്തിന്റെ നാമത്തെ ശങ്കയും വിചാരവും കൂടാതെ എടുത്ത പറയുന്നു. അതും പാപം തന്നെ. മനുഷ്യർ മൎയ്യാദയായിട്ട ആറ ദിവസവും ചെയ്യുവരുന്ന വേലകളെ ഞായറാഴ്ചയിൽ ചെയ്യാതെ മുടക്കി, ആ ദിവസത്തെ ഏററവും ഭക്തിയായി ആചരിക്കേണമെന്ന ദൈവം കല്പിച്ചിരിക്കുമ്പോൾ എത്ര പേർ അപ്രകാരം ചെയ്യാതെ ആറ ദിവസവും ചെയ്യു വരുന്ന വേലകളെ ഞായറാഴ്ചയിലും ചെയ്യുവരുന്നു. ആയതും പാപം ആകുന്നു. അപ്പനെയും അമ്മയെയും ബഹുമാനിക്കേണമെന്ന ദൈവം കല്പിച്ചിരിക്കുമ്പോൾ എത്ര പേർ അമ്മയപ്പന്മാരെ നിന്ദിച്ച വരുന്നു. അതും പാപം. മനുഷ്യർ തമ്മിൽ കുല ചെയ്യരുതെന്ന ദൈവം കല്പിച്ചിരിക്കുമ്പോൾ എത്ര ജനങ്ങൾ തമ്മിൽ കോപിച്ചും കലഹിച്ചും അടിച്ചും കൊണ്ടു കൊല്ലുന്നു. ആയതും പാപം തന്നെ. മനുഷ്യർ തങ്ങളുടെ ഭാൎയ്യമാരെ അല്ലാതെ വേറെ സ്ത്രീകളെ ആഗ്രഹിച്ചപോകരുത എന്ന ദൈവം കല്പിച്ചിരിക്കുമ്പോൾ, എത്ര ആളുകൾ അപ്രകാരം നടക്കാതെ വേശ്യാദോഷം പുലയാട്ട മുതലായത ചെയ്യു നടക്കുന്നു. അതും പാപമാകുന്നു. മോഷ്ടിക്കരുതെന്ന ദൈവം കല്പിച്ചിരിക്കുമ്പോൾ എത്ര പേർ വ്യാജവും ബലാല്ക്കാരവുമായി നടന്ന പരദ്രവ്യങ്ങളെ അപഹരിച്ച വരുന്നു. ആയതും പാപമാകുന്നു. കള്ളം പറയരുതെന്ന ദൈവം കല്പിച്ചിരിക്കുമ്പോൾ എത്രജനങ്ങൾ വ്യാജമായി സംസാരിച്ച കാൎയ്യസാദ്ധ്യം വരുത്തുന്നു. ആയതും

പാപമാകുന്നു. ആരും തന്റെ അയല്ക്കാരന്റെ വസ്തുക്കളിൽ ഒന്നു പോലും മോഹിക്കരുതെന്നു ദൈവം കല്പിച്ചിരിക്കുമ്പോൾ, എത്ര പേർ അന്യദ്രവ്യങ്ങളെ മോഹിച്ചു അസൂയപ്പെടുന്നു. അതും പാപമാകുന്നു. മനുഷ്യൻ ഹൃദയം മുഴുവനും ദൈവത്തിൽ വച്ചു അവനു കീഴടങ്ങിയിരിക്കെണമെന്നും ദൈവം കല്പിച്ചിരിക്കുമ്പോൾ എത്ര പേർ സത്യദൈവത്തെ കുറിച്ചു അല്പമെങ്കിലും ചിന്തിക്കാതെ തങ്ങളുടെ വല്ലാത്ത ആഗ്രഹത്തിന്നു തന്നെ സമ്മതിച്ചു ദൈവത്തിന്നു വിരോധമായി നടന്നുവരുന്നു. അതും പാപം. മനുഷ്യർ എല്ലാവരും ദൈവത്തിന്റെ മക്കളായിരിക്കുമ്പോൾ പല ജാതികളാകുന്നു എന്നു ഭാവിച്ചു വിപരീതമായിരിക്കുന്നതും വലുതായ പാപം ആകുന്നു. ഇപ്രകാരം മനുഷ്യർ ദൈവത്തിന്റെ കല്പനകൾക്കു വിരോധമായി നടന്നു ദോഷമായി പ്രവൃത്തിക്കകൊണ്ടു, എല്ലാവരും പാപ സാഗരത്തിൽ മുങ്ങി കിടക്കുന്നു എന്നു പറക മാത്രമെ കഴിയു. അയ്യൊ മോക്ഷമാകുന്ന കരയിൽ എത്തുന്നത എങ്ങിനെ?

## നാലാം അദ്ധ്യായം.

## പാപമോചനത്തെ കുറിച്ചു.

അല്ലയൊ സഹോദരന്മാരേ നിങ്ങൾ പാപമോചനത്തിന്നു അനേകം വഴികളെ പറയുന്നുണ്ടല്ലൊ. അവയെ കുറഞ്ഞൊന്നു വിചാരിച്ചു നോക്കുവിൻ. ൧ാമത. കാശി രാമേശ്വരം മുതലായ സ്ഥലങ്ങളിൽ പോയാൽ പാപമോചനം വരുമെന്നും നിങ്ങൾ തന്നെ പറയുന്നുണ്ടല്ലൊ. അത വിശ്വസിക്കാമൊ? ദൂരസ്ഥലങ്ങളിൽ പോകുന്നതിനാൽ കാൽ വേദന

യും, തളൎച്ചയും മുള്ളു കൊള്ളുകയും, വസ്ത്രങ്ങൾ കീറിപ്പോകയും, പണം ചിലവാകയും, ശരീരം ക്ഷീണിച്ചു മെലിഞ്ഞു പോകയും, പല ദീനങ്ങൾ പിടിക്കയും മററും ചെയ്യുന്നതല്ലാതെ, പാപം തീരുമൊ?

രാമന. ഗംഗാ മുതലായ തീൎത്ഥങ്ങളിൽ പോയി സ്നാനം ചെയ്താൽ പാപം തീരുമെന്ന നിങ്ങൾ തന്നെ പറയുന്നുണ്ടല്ലൊ. അതും ശരിയൊ? ഗംഗാ മുതലായ ആറുകളിൽ ഉള്ള വെള്ളവും വേറെ ഇവിടങ്ങളിൽ ഉള്ള വെള്ളവും വിചാരിച്ചാൽ ഭേദമുണ്ടൊ? മഴയാലും മഴക്കരുവിനാലും അല്ലയൊ ഗംഗാ നദി നിറഞ്ഞു ഒഴുകുന്നത. ഇവിടെ ഉള്ള ആറുകളും മററും അപ്രകാരം തന്നെ അല്ലയൊ? അവിടെയും ഇവിടെയും മഴ പെയ്യിക്കയും മലക്കരുക്കൾ ഓടിക്കയും ചെയ്യുന്നത ഒരു ദൈവം തന്നെ അല്ലയൊ? വിശേഷിച്ചു ഗംഗാ നദിയിൽ വളരെ ശവങ്ങൾ ചീഞ്ഞു ദ്രവിച്ചു ഒഴുകുന്നതാകകൊണ്ടു അതിനെക്കാൾ ഇവിടുത്തെ വെള്ളം നല്ലതെന്ന നിശ്ചയിക്കാം. അങ്ങിനെ ഇരിക്കുമ്പോൾ ഇങ്ങുള്ള വെള്ളം കൊള്ളരുതെന്നും അവിടത്തെ വെള്ളം പാപമോചനം ചെയ്യുന്നതെന്നും പറയുന്നത വ്യാജമല്ലയൊ? ഏത വെള്ളം ആയാലും അതിൽ കുളിച്ചാൽ ശരീരത്തിലെ അഴുക്ക പോകുന്നതല്ലാതെ പാപം നീങ്ങുകയില്ല.

രാമന. പുണ്യങ്ങളെചെയ്താൽ പാപം തീരുമെന്ന പറയുന്നതും സത്യമാകുമൊ? മനുഷ്യർ പാപികളാകുന്നു എന്ന എല്ലാവരും അനുസരിക്കുന്നുണ്ടല്ലൊ. സൎവ്വമനുഷ്യരുടെ ആത്മാക്കളും പാപത്താൽ അശുദ്ധിപ്പെട്ടിരിക്കുമ്പോൾ അവരുടെ സ്വഭാവങ്ങളും പാപമുള്ളവയായിരിക്കകൊണ്ടു അവർ ചെയ്യുന്ന നന്മകൾ ഒക്കെയും അഹംഭാവങ്ങൾക്ക വളങ്ങൾ ആയി തീരുന്നതല്ലാതെ ശുദ്ധി ഉണ്ടാകയില്ലെന്ന സ്പഷ്ടം തന്നെ

ദൈവം പാപികൾ ചെയ്യുന്ന പ്രവൃത്തികളെ നന്മ യായിട്ട കൈക്കൊള്ളുമൊ? വിഷദ്രവ്യം ക്രിമിച്ചാൽ ആ ക്രിമികൾക്കും കൂടി വിഷം ഉണ്ടാകുമല്ലൊ.

൪ാമത. ദൈവം മനുഷ്യൎക്ക സൎവ്വ ഉപകാരങ്ങളെ ചെയ്യുന്നവനും മനുഷ്യർ ദൈവത്തെ സൎവ്വകാലവും സ്തുതിക്കേണ്ടിയവരും ആയിരിക്കുമ്പോൾ ദൈവസ്തുതി കൊണ്ട പാപം തീരുമെന്ന പറഞ്ഞാൽ മതിയാകയില്ല. കടം വാങ്ങിയവൻ കടക്കാരനെ സ്തുതിച്ചാൽ കടം തീരുമൊ? അതുംവണ്ണം തന്നെ പാപം ചെയ്യുവൻ ദൈവസ്തുതി ചെയ്താൽ പാപം തീരുകയുമില്ല. ഇതുവരെയും പാപങ്ങൾ ചെയ്തിട്ട ഇനി മേൽ നന്മയായി നടന്നാൽ പാപമോചനം വരുമെന്ന ചിലർ പറയുന്നത സത്യമാകുമൊ? നല്ല പുണ്യങ്ങൾ ചെയ്യുന്നത കൊള്ളാമെന്നിരിക്കിലും മുൻ ചെയ്ത പാപങ്ങളെ ഒഴിപ്പാൻ കഴികയില്ല. ഇനിയും കേൾപ്പിൻ. വെണ്ണീർ പൂശിയാലും രുദ്രാക്ഷം തുളസി മണിമാലകൾ ധരിച്ചുകൊണ്ടാലും പുരാണങ്ങളെ വായിച്ച പൂജിച്ചാലും നാമകീൎത്തനം ചെയ്താലും നമഃശിവായ എന്നുള്ള പഞ്ചാക്ഷരം ജപിച്ചാലും അഷ്ടാക്ഷരം ഉപാസിച്ചാലും യാഗം ചെയ്താലും കാവടി കെട്ടിയാലും വ്രതങ്ങൾ അനുഷ്ഠിച്ചാലും ഭൂമി പ്രദക്ഷിണം ക്ഷേത്രോപവാസം മുതലായത ചെയ്താലും വേഷങ്ങൾ ധരിച്ചുകൊണ്ടാലും വനവാസം യോഗം സന്ന്യാസം തുടങ്ങിയുള്ളത ചെയ്താലും പാപങ്ങൾ അധികമാകുന്നതല്ലാതെ അല്പമെങ്കിലും പോകുന്നതല്ല. പാപങ്ങളെ ഒഴിപ്പാൻ മനുഷ്യന തീരുമാനം പ്രാപ്തിയില്ല.

രക്ഷ നമ്മിൽ നിന്നല്ല മേലിൽനിന്ന വരെണം. അതിന്റെ വഴി കേൾപ്പിൻ. ദൈവം തന്റെ ഏകജാതനായ പുത്രനെ അവനിൽ വിശ്വസിക്കുന്നവൻ നശിച്ച പോകാതെ നിത്യജീവൻ ഉണ്ടാ

ക്കേണ്ടതിന്ന തരുവാൻ തക്കവണ്ണം എത്രെയും ലോകത്തെ സ്നേഹിച്ചു. പാപം കൊണ്ട നശിക്കുന്ന നമ്മുടെ മേൽ ദൈവപുത്രന്ന ദയതോന്നി അവൻ മനുഷ്യവതാരം ചെയ്തു. ൟ ഭൂമിയിൽ മുപ്പത്തമൂന്ന വൎഷം വസിച്ചു സൎവ്വ മനുഷ്യരും അറിയത്തക്കവണ്ണം അനേകം അതിശയങ്ങളെയും അത്ഭുതങ്ങളെയും പ്രവൃത്തിച്ചു. അവ കുറെ സംക്ഷേപിച്ചു ഇവിടെ കാണിക്കാം. അവൻ കുരുടൎക്ക കാഴ്ചയും, ചെകിടൎക്ക കേൾവിയും കൊടുത്തു, ഊമരെ സംസാരിക്കുമാറാക്കുകയും, മുടവന്മാൎക്ക നടപ്പാൻ ശക്തി കൊടുക്കയും, കുഷ്ഠരോഗം മുതലായ മഹാ വ്യാധികളെ ഒഴിക്കയും, മരിച്ചവരെ ജീവിപ്പിക്കയും, പിശാചുകളെ പുറത്താക്കുകയും, കാററിനെയും കടലിനെയും കല്പന കേൾപ്പിക്കയും മററും പല പല അതിശയങ്ങളെ ചെയ്തിരിക്കയും, തന്റെ നടപ്പുകൾ കൊണ്ട സന്മാൎഗ്ഗം ഇന്നപ്രകാരമെന്ന മനുഷ്യൎക്ക കാട്ടി കൊടുക്കയും സത്യോപദേശം ചെയ്കയും ചെയ്തു. അവന്റെ ശുദ്ധമുള്ള നടപ്പും ദിവ്യോപദേശവും യഹൂദന്മാരുടെ ദോഷപ്രവൃത്തിയെ ശാസിക്കയാൽ അവൎക്ക അസൂയ തോന്നി; അവനെ കൊല്ലുവാൻ തക്കം നോക്കി, ക്രിസ്തു ൟ ദുഷ്ടന്മാരെ വിരോധിക്കാതെ താൻ വന്ന കാൎയ്യം നിവൃത്തിക്കേണ്ടുന്നതിന്നായി ക്ഷമിച്ചു, തന്നോട ചെയ്ത ദുഷ്ടതകളെയും അനുഭവിച്ചു, അവരാൽ കുരിശിൽ തറെക്കപ്പെട്ടപ്പോഴും താൻ ദൈവത്തോട ഇവരോട ക്ഷമിക്കേണമെ എന്നും കൂടി പ്രാൎത്ഥിച്ചു. ആ സമയത്ത സൂൎയ്യൻ ഇരുണ്ട മയങ്ങുകയും ഭൂകമ്പമുണ്ടാകയും കല്മലകൾ ഇളകി വിണ്ടുപൊട്ടുകയും മററുമിങ്ങിനെയുള്ള അതിശയങ്ങൾ ഉണ്ടാകയും ചെയ്തു. മരിച്ച ശേഷം അവന്റെ ശരീരം കല്ലറയിൽ വെക്കപ്പെട്ട ശേഷം അവൻ മൂന്നാം ദിവസം

ജീവിച്ചു എഴുനീറ്റ ൪൦ ദിവസം വരെ ഭൂമിയിൽ താമസിച്ചു തന്റെ ശിഷ്യന്മാൎക്ക വേണ്ടതൊക്ക ഉപദേശങ്ങളെ ചെയ്തു ൨ാം ഭൂമിയിൽ എല്ലാം തന്നെ കുറിച്ചു പ്രസംഗിക്കെണമെന്ന കല്പന അരുളി സ്വൎഗ്ഗം പ്രാപിക്കയും ചെയ്തു.

ക്രിസ്തു ൨ാം ലോകത്തിൽ ചെയ്തത അത്രെയും പുണ്യമാകുന്നു. ദൈവത്തിന്റെ കല്പനകളെ അനുസരിക്കയും നീതിയും ശുദ്ധിയുമുള്ള വഴിയൂടെ നടക്കയും ഒരു അക്രമക്കാരന വരേണ്ടുന്ന മരണം അനുഭവിക്കയും ചെയ്തത തനിക്കായിട്ട എന്ന പറവാൻ പാടുണ്ടൊ ഇല്ലല്ലൊ. മനുഷ്യജാതിക്ക വേണ്ടീട്ടത്രെ നമുക്ക ചെയ്യാൻ പ്രാപ്തിയില്ലാതെ ഇരിക്കുന്ന ദൈവകല്പനകളെ അവൻ നിവൃത്തിക്കയും നനമുക്ക വരേണ്ടുന്ന മരണം അവൻ അനുഭവിക്കയും ചെയ്തതിനാൽ നമ്മുടെ ചുമതലെക്ക ജാമ്യനായി തീൎന്നു എന്നു മാത്രമല്ല. നമ്മുടെ പാപമായ കടം അവൻ തീൎത്ത കൂട്ടി. യാതൊരുത്തരെങ്കിലും കടക്കാരന ദ്രവ്യം കൊടുക്കാതെ അന്യായം പ്രതികളായി വ്യവഹരിച്ചു കടം പെട്ടവന്റെ വസ്തുവകകൾ വില്പിച്ചു കടക്കാരന ദ്രവ്യം കൊടുപ്പാനൊ കടംപെട്ടവനെ പാറാവിൽ പിടിപ്പാനൊ വിധിച്ചാൽ മദ്ധ്യസ്ഥനായി ഒരുത്തൻ കടപ്പെട്ടവന വേണ്ടി ജാമ്യൻനിന്ന കടം ഏറ്റ കൊണ്ടാൽ കടപ്പെട്ടവന ഒഴിവും സൌഖ്യവും വരികയില്ലയൊ. അത പോലെ നമ്മുടെ മദ്ധ്യസ്ഥനായ യേശു ക്രിസ്തു പാപിയുടെ മരണത്തെ ചോദിക്കുന്ന ദൈവനീതിക്ക സ്വമരണത്താൽ തൃപ്തി വരുത്തി പാപിയുടെ പാപ ബന്ധം തീൎത്ത രക്ഷിക്കുന്നു. അതുകൊണ്ട നാം യേശു ക്രിസ്തുവിനെ മദ്ധ്യസ്ഥനായിട്ട കൈക്കൊള്ളുന്നത ആവശ്യമാകുന്നു. ക്രിസ്തു ഗുണവാനും നമ്മുടെ പാപബന്ധമായ കടത്തിന്ന ജാമ്യനും രക്ഷിതാവും

ആകുന്ന പ്രകാരം അറികയും അവനെ കൈക്കൊണ്ടു വിശ്വസിക്കാതെ ഇരിക്കയും ചെയ്യുന്നവൻ ഔഷധം ഗുണമുള്ളതെന്നും രോഗ ശാന്തി വരുത്തുന്നതിന്ന തക്കതെന്നും അറിഞ്ഞിട്ട ആയതു സേവിക്കാതെ ഇരിക്കുന്ന വ്യാധിതനെ പോലെ ആകുന്നു, ഇപ്രകാരമുള്ള ദുഷ്ടരോഗിയുടെ ദിനം വൎദ്ധിച്ചു ചാകുന്നത അവന്റെ സ്വന്ത കുററത്താൽ ആകുന്ന പ്രകാരം തന്നെ പാപി ക്രിസ്തുവിൽ വിശ്വസിക്കാതെ പാപത്തിൽ നശിച്ചു നരകത്തിൽ വീഴുന്നത തന്റെ സ്വന്ത കുററത്താൽ ആകുന്നു. ദൈവം പാപങ്ങളിൽനിന്ന വിട്ട നല്ല മാൎഗ്ഗത്തിൽ ചേൎന്ന ക്രിസ്തു മുഖാന്തരമുള്ള രക്ഷ പ്രാപിക്കേണ്ടതിന്ന ആരെയും നിബ്ബന്ധിക്കയില്ല. എന്നാലൊ അല്ലയൊ അദ്ധ്വാനിച്ചും ഭാരം ചുമന്നും നടക്കുന്നവരെ നിങ്ങൾ ഒക്കെയും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ തണുപ്പിക്കും എന്ന സദാകാലവും ദൈവത്തിന്റെ തിരുവരുളപ്പാടാകുന്നു.

## അഞ്ചാം അദ്ധ്യായം.

## സ്വൎഗ്ഗനരകങ്ങളെ കുറിച്ചു.

നാം ഭൂലോകത്തിൽ എന്നും മരിച്ചു പോകാതെ ഇരിക്കയില്ല. വലിയവരും ചെറിയവരും മരിക്കെ ഉള്ളു. മരണത്തിങ്കൽ ശരീരം മാത്രം നശിക്കുന്നതല്ലാതെ ആത്മാവ നശിക്ക ഇല്ല. ആത്മാവ ശരീരത്തെ വിട്ടുമാറിയാൽ പിന്നെയും ജനിക്കുമെന്ന നിങ്ങൾ പറയുന്നത സത്യമല്ല. അല്ലയൊ സഹോദരന്മാരേ നിങ്ങൾ ൟ കാൎയ്യങ്ങളെ നല്ലവണ്ണം അറിഞ്ഞു നോക്കുവിൻ സുഖകരമായ സ്വൎഗ്ഗമെന്നും ദുഃഖകരമായ നരകമെന്നും രണ്ടു ലോകങ്ങൾ ഉ

ണ്ടു. നാം മരിച്ചാൽ സ്വൎഗ്ഗത്തിലെങ്കിലും നരകത്തിലെങ്കിലും പോകേണ്ടി വരും. സ്വൎഗ്ഗലോകം ദോഷവും മ്ലേച്ഛതയും കളങ്കവും ഭയവും വിശപ്പും ദാഹവും ഇല്ലാതെ ശ്രേഷ്ഠമായിരിക്കുന്നതാകുന്നു. അവിടെ വ്യാധിവ്യസനങ്ങളും ക്ഷയദുഃഖങ്ങളും ശാപപ്രലാപങ്ങളും ഇളക്കവും ശീതോഷ്ണങ്ങളും മരണവും ഇല്ല. ദൈവകൃപ അവിടെ വസിക്കുന്നവരുടെ മേൽ ഒരിക്കലും ഇളക്കം കൂടാതെ ഇരിക്കുന്നു. പരിപൂൎണ്ണ ശുദ്ധത്വം നിറഞ്ഞിരിക്കുന്ന ലോകമാകകൊണ്ടു അവിടെ ബുദ്ധിക്കു ഗ്രഹിച്ചു കൂടാത്ത സൌഖ്യങ്ങളും സന്തോഷവും ഉണ്ടാകുന്നു. സ്വൎഗ്ഗസുഖങ്ങളെയും സ്വൎഗ്ഗമഹത്വങ്ങളെയും വൎണ്ണിക്കുന്നതിന ഒരുത്തന കഴികയില്ല. ദൈവം ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവൎക്കു ആ രാജ്യത്തെ നിത്യവാസസ്ഥലമായിട്ടു കല്പിച്ചു കൊടുക്കും, അതു അനുഭവിക്കുന്നവർ ഭാഗ്യവാന്മാരും ലഭിക്കാത്തവർ നിൎഭാഗ്യന്മാരും ആകുന്നു. നരകം എത്രയും ഭയങ്കരമായുള്ളതാകുന്നു. അവിടം ശുദ്ധിയും സുഖവും സന്തോഷവും ഇല്ലാതെ മ്ലേച്ഛമയമായിരിക്കുന്നതാകുന്നു. അവിടെ ദാഹവും വിശപ്പും ഭയവും വൎദ്ധിച്ചു കഠിനമായ ദുഃഖങ്ങളുണ്ടാകകൊണ്ടു അതിൽ പ്രവേശിക്കുന്നവർ അഗ്നിസാഗരം പോലെ ഇരിക്കുന്ന നരകത്തിൽ തന്നെ കിടന്നു പാപ ശിക്ഷകളെ അനുഭവിക്കുന്നതല്ലാതെ അവിടെനിന്നു തെറ്റിപോവാനും പാടില്ലായ്കയാൽ കരഞ്ഞും പല്ലു കടിച്ചും ഭയമാകുംവണ്ണം നിലവിളിച്ചും ഇങ്ങിനെ സഹിച്ചു കൂടാത്ത വ്യസനങ്ങളെ അനുഭവിക്കുന്ന അവസ്ഥകളെ പറവാൻ പോലും ഒരുത്തനും ആളാകുന്നതല്ല. ദൈവം തന്റെ കല്പനകളെ അനുസരിക്കാത്തവരെ അടെച്ചു ദണ്ഡിപ്പിക്കേണ്ടതിന്നു തന്നെ ഇപ്രകാരം ഭയങ്കരമായ നരകത്തെ കല്പി

ച്ചിരിക്കുന്നത, അത സഹിക്കുന്നത എത്ര കഷ്ടം ആകുന്നു.

അല്ലയൊ സ്നേഹിതന്മാരേ നിങ്ങൾ മരിച്ചാൽ ൨ രണ്ട ലോകങ്ങളിൽ ഏതിൽ ചേരുവാൻ പോകുന്നു എന്ന അറിയേണ്ടായൊ? നമ്മുടെ വേദം കല്പിക്കുന്നത കേൾപ്പിൻ. വിധിനാളിൽ ന്യായ കൎത്താവായ ക്രിസ്തു ഇടത്തഭാഗത്തിലുള്ള ദുഷ്ടന്മാരോട ശപിക്കപ്പെട്ടവരേ നിങ്ങൾ എന്നെ വിട്ട പിശാചിന്നും അവന്റെ ദൂതന്മാൎക്കും ഒരുക്കപ്പെട്ട എന്നേക്കുമുള്ള അഗ്നിയിലേക്ക പോകുവിൻ എന്നും വലത്തഭാഗത്ത ഇരിക്കുന്ന നീതിമാന്മാൎക്ക എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ ലോകത്തിന്റെ ആദിമുതൽ നിങ്ങൾക്ക ഒരുക്കപ്പെട്ട രാജ്യം അവകാശമായി അനുഭവിച്ച കൊള്ളുവിൻ എന്നും വിധി കല്പിക്കയും ചെയ്യും.

## പ്രാൎത്ഥന.

എല്ലാ വെളിച്ചത്തിന്നും സുഖത്തിന്നും ഉറവായിരിക്കുന്ന ദൈവമേ, നീ ആകാശത്തെയും ഭൂമിയെയും അവയിലുള്ള സകല വസ്തുക്കളെയും ഉണ്ടാക്കി കാത്ത രക്ഷിച്ച വരുന്നു. പിറന്ന നാൾ മുതൽ നീ ഇനിക്ക അനേകം നന്മകളെ ചെയ്തു. എന്നാൽ ഞാനൊ നിനക്ക കീഴടങ്ങാത്തവനായി, നിന്റെ കല്പനകളെയും ലംഘിച്ച, നിന്നെ അനുസരിക്കാതെ വിട്ട ദൂരമായി അലഞ്ഞും തിരിഞ്ഞും പാപവഴികളിൽ വീണു. എന്റെ ഹൃദയവിചാരങ്ങളും നടപ്പുകളും എത്രയും അശുദ്ധിയായി പോയി. ഞാൻ നിന്റെ കോപത്തിന്നും നരകശിക്ഷെക്കും പാത്രമായി തീൎന്നു. എന്നാൽ നീ സ്നേഹമാകുന്നു എന്ന ഞാൻ ഓൎക്കുന്നുണ്ട. ഞാൻ നരകത്തിൽ

വീഴാതെ മോക്ഷത്തിൽ ചേരുന്നതിന്നും, നീ നിന്റെ ഏകപുത്രനായ യേശുക്രിസ്തുവിനെ അയച്ചുവല്ലൊ, എന്റെ പാപങ്ങൾക്ക വേണ്ടി അവൻ പാട പെട്ടു, തന്റെ ജീവനെ തന്നുവല്ലൊ. അവന്റെ കഷ്ടാനുഭവത്തെയും മരണത്തെയും നോക്കി അവ നിമിത്തമായിട്ട എന്നെ പാപബന്ധനങ്ങളിൽ നിന്ന വിട്ട ഒഴിച്ച രക്ഷിക്കേണമെ. സൌഖ്യവും സന്തോഷവും അറിയാതിരിക്കുന്ന ഹൃദയത്തെ സമാധാനപ്പെടുത്തേണമെ. പാപസ്നേഹത്തെയും എന്നിൽ നിന്ന പുറത്താക്കി നിനക്ക വിരോധമായിട്ടുള്ളതിനെ വെറുപ്പാനും ത്രാണി തരേണമെ.

നിന്റെ തൃക്കണ്ണുകൾ എന്നെ എപ്പോഴും കാണുമെന്ന ഓൎത്ത ഭയഭക്തിയോടെ നടപ്പാൻ സഹായിക്കേണമെ. ശേഷിക്കുന്ന ആയുസ്സ കാലം പാപത്തിന്നായിട്ടല്ല നിന്റെ മഹത്വത്തിന്നായികൊണ്ട ചിലവഴിപ്പാൻ തുണെക്കേണമെ. മരണം അടുക്കുന്ന സമയം ക്രിസ്തുവിനെ പ്രത്യേകം മുറുകപ്പിടിച്ച ആ വലിയ യാത്രയിൽ അവൻ വഴി കാട്ടുന്നതിനായിട്ട നീ കൃപ ചെയ്യേണമെ. അവിടെ എത്തിയ ശേഷം നിന്റെ സന്നിധിയിൽ ഇരുന്ന എല്ലാ വീണ്ടെടുക്കപ്പെട്ടവരോടും കൂടെ നിത്യസൌഖ്യവും കൃപാകടാക്ഷവും പ്രാപിക്കേണ്ടതിന്ന നിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ശരണമായി അപേക്ഷിക്കുന്നു.

ി ന്വ
യച്ചു
ം പാ
അവ
നോ
ന്ധ
ാമെ.
ുന്ന
ാപ
നി
ത്രാ

ാണെ
ഹാ
ാപ
കൊ
ണം
മക
വഴി
അവി
ൽ ഇ
നി
ന്ദതി
നാ

1863g.

Moxa mārgam
(malayalam)

# മോക്ഷമാൎഗ്ഗം.

K. UNIV. BIBL. TÜBINGEN

BY

Rev. J. G. BEUTTLER.

2nd Edition. 3000 Copies.

COTTAYAM: C. M PRESS. 1859.

Ci XIV. 54.53